(ഡി) സംയുക്ത പരിശോധനയിൽ നിലവിലുള്ള മണ്ണെണ്ണ പെർമിറ്റുകൾക്ക് അനുവദിച്ചിട്ടുള്ള മണ്ണെണ്ണയുടെ അളവ് വെട്ടിക്കുറയ്ക്കാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യാജപെർമിറ്റുകൾ കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) ഇല്ല

(ഡി) ഇല്ല

**പാചക-വാതക സിലിണ്ടർ മാവേലി സ്റ്റോർ വഴി വിതരണം ചെയ്യുവാൻ നടപടി**

**113(854)**ശ്രീ. ബാബു ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗാർഹിക ആവശ്യങ്ങൾക്കുള്ള പാചകവാതകത്തിന് ഉണ്ടാകുന്ന ദൗർലഭ്യം കണക്കിലെടുത്ത് പാചക-വാതക സിലിണ്ടറുകൾ മാവേലിസ്റ്റോറുകൾ വഴി വിതരണം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഗാർഹികാവശ്യത്തിന് ആവശ്യക്കാരുള്ളപ്പോൾ ഗ്യാസ് ഏജൻസി ഉടമകൾ വ്യാവസായികമായി കരിഞ്ചന്തയിൽ പ്രസ്തുത ഗ്യാസ് വിതരണം ചെയ്യുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഗാർഹികാവശ്യങ്ങൾക്ക് നൽകുന്ന സിലിണ്ടറുകൾ അയൽ സംസ്ഥാന അതിർത്തികളിൽ വിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പരാതികൾ പരിശോധിക്കാൻ പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൽക്കാലം ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിശോധനകൾ നടത്തിവരുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**പാചകാവശ്യത്തിന് മണ്ണെണ്ണ ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ**

**114(855)**ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിൽ പാചകാവശ്യത്തിന് മണ്ണെണ്ണ ലഭിക്കാത്തതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പാചക-വാതക കണക്ഷൻ ഉള്ളവർക്ക് മണ്ണെണ്ണ നൽകുന്നതിൽ ഉള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇതിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പാചക-വാതകം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ റേഷൻകാർഡ് ഉടമകളിൽ നിന്നും 1998-ൽപാചകാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് അപേക്ഷ സ്വീകരക്കുകയും അർഹരായ 10.44 ലക്ഷം അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. ഈ ലിസ്റ്റിൽ നിന്നും 1998-ൽ 4 ലക്ഷം പേർക്കും 1999-ൽ 2 ലക്ഷം പേർക്കും മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകർക്ക് മണ്ണെണ്ണയുടെ ലഭ്യതയനുസരിച്ച് പെർമിറ്റ് നൽകുന്നതാണ്.

(സി) ഒരു സിലിണ്ടർ കണക്ഷൻ ഉള്ളവർക്ക് 1998-വരെ 7-ലിറ്ററും രണ്ട് സിലിണ്ടർ ഉള്ളവർക്ക് 1998 വരെ 5 ലിറ്റർ പെർമിറ്റും അനുവദിച്ചിരുന്നു. മണ്ണെണ്ണയുടെ അപര്യാപ്തതമൂലം 1998-ലും 1999-ലും നൽകിയ മണ്ണെണ്ണ പെർമിറ്റുകളിൽ ഗ്യാസ് കണക്ഷൻ ഉള്ള എല്ലാ അപേക്ഷകൾക്കും 3 ലിറ്ററിന്റെ പെർമിറ്റാണ് അനുവദിച്ചത്.

(ഡി) ഉണ്ട്.

(ഇ) 1.3.2000 മുതൽ രണ്ടു സിലിണ്ടർ ഗ്യാസ് കണക്ഷൻ ഉള്ളവരുടെ പെർമിറ്റിന് മണ്ണെണ്ണ നൽകേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഓയിൽ കമ്പനികളുടെ സംസ്ഥാന കോ-ഓർഡിനേറ്ററുമായി ബന്ധപ്പെട്ട് പാചകവാതകം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റേഷൻകട നടത്തുന്നതിന് ലൈസൻസുള്ള പട്ടികജാതി/പട്ടിക വർഗ്ഗക്കാർ

115 (856)ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റേഷൻകട നടത്തുന്നതിന് ലൈസൻസുള്ളവരിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ എത്രയുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly